(ഇ) ശ്രീ. അലിമുഹമ്മദ് ടിയാനെ കോഫേപോസെ നിയമപ്രകാരം കേസെടുക്കുന്നതിൽ നിന്നും സർക്കാരിനെ തടയുന്നതിലേക്കായി കേരള ഹൈക്കോടതിയിൽ 3092/98-ാം നമ്പർ ഒ.പി. ഫയൽ ചെയ്തു. പ്രസ്തുത കേസ്സിൽ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുന്നതിലേക്കായി 3-2-1998-ൽ അവധിക്ക് വച്ചു. അഡീഷണൽ ചീഫ് സെക്രട്ടറി 10-3-1998 സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുകയും അതിനുശേഷം നിരവധി തവണ കേസ് അവധിക്ക് വയ്ക്കുകയും ചെയ്തു. തുടർന്ന് കേസ്സുമായി ബന്ധപ്പെട്ട ഫയലുകൾ കോടതിയിൽ ഹാജരാക്കി. അതിനുശേഷം ടി കേസ് പലതവണ അവധിക്ക് വയ്ക്കുകയും നോട്ടീസ് നൽകാതെ 7-9-1998-ൽ വിധി പ്രസ്താവിക്കുകയും ചെയ്തു. പ്രസ്തുത വിധി ഉത്തരവു പ്രകാരം ഒ.പി. അനുവദിക്കുകയുണ്ടായി. നോട്ടീസ് ലഭിക്കാതിരുന്നതിനാൽ സത്യവാങ്മൂലം ഫയൽ ചെയ്യാൻകഴിഞ്ഞില്ല. തുടർന്ന് 7-9-1998-ലെ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുകയും സ്റ്റേ ലഭിക്കുകയും ചെയ്തു. സ്റ്റേ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അലിമുഹമ്മദിനെ അറസ്റ്റു ചെയ്യുന്നതിന് മലപ്പുറം ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(എഫ്) ഇല്ല.

(ജി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിനോട് കേന്ദ്രസർക്കാർ വിശദീകരണം ആവശ്യപ്പെട്ടിട്ടുമില്ല.

ആത്മഹത്യാ നിരക്ക്

81 (3271) ശ്രീമതി ശോഭനാജോർജ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആത്മഹത്യാ നിരക്ക് വർദ്ധിച്ചുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കാരണങ്ങൾ വ്യക്തമാക്കാമോ ;

(സി) ആത്മഹത്യാ നിരക്ക് കുറച്ചുകൊണ്ടു വരുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ആത്മഹത്യാ നിരക്ക് വർദ്ധിക്കുന്നതിനെപ്പറ്റി ഒരു സർവ്വേ നടത്തുന്നതിന് ഒരു കമ്മിറ്റിക്ക് രൂപം നൽകാൻ സർക്കാർ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മുൻവർഷത്തെക്കാൾ 1999-ൽ ആത്മഹത്യയുടെ എണ്ണം കുറഞ്ഞു വരുന്നതായാണ് കണക്കുകൾ കാണിക്കുന്നത്.

(ബി) സാമ്പത്തിക പ്രശ്നങ്ങൾ, കുടുംബപ്രശ്നങ്ങൾ, ജീവിതനൈരാശ്യം, രോഗങ്ങൾ എന്നിവയാണ് ആത്മഹത്യയ്ക്കുള്ള പ്രധാന കാരണങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(സി & ഡി) കേരളാ സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റി ആസ്ട്രേലിയ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന റോസ് ഫൗണ്ടേഷൻ എന്ന സന്നദ്ധസംഘടനയുമായി സഹകരിച്ച് കേരളത്തിലെ ആത്മഹത്യാനിരക്കിനെയും, അതിനെ നേരിടാൻ ഇന്ന് നിലവിലുള്ള സംവിധാനത്തെയും വിലയിരുത്തുകയും, അതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവണതയെ ചെറുക്കുന്നതിനായുള്ള ഒരു കരട് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

കണ്ണത്തുകോണത്തു വീട്ടിൽ ഭാർഗ്ഗവിയമ്മയുടെ മരണം

82 (3272) ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ മണ്ഡലത്തിലെ നാവായിക്കുളം പഞ്ചായത്തിൽ, കുടവൂർ, കണ്ണയത്തുകോണത്ത് വീട്ടിൽ ഭാർഗ്ഗവിയമ്മയുടെ മരണം സംബന്ധിച്ചുള്ള അന്വേഷണം ക്രൈം ബ്രാഞ്ച് ഏറ്റെടുത്തിട്ടുണ്ടോ ; എങ്കിൽ എന്നാണ് ഏറ്റെടുത്തത് ;

(ബി) ഈ കേസ് അന്വേഷണത്തിന് പുരോഗതി ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

ഉത്തരം

(എ) ഉണ്ട്, 28-1-2000-ൽ

(ബി) ഭാർഗ്ഗവി അമ്മയുടെ കൊലപാതകം സംബന്ധിച്ച് കിളിമാനൂർ സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 44/99, 28-1-2000-ൽ ക്രൈം ബ്രാഞ്ച് 48/സി ആർ. 2000/നമ്പരായി റീനമ്പർ ചെയ്ത ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി.യുടെ മേൽനോട്ടത്തിൽ ഡിറ്റക്ടീവ് ഇൻസ്പെക്ടർ ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

ബ്യൂഗ്ലർ ബാന്റ് വിഭാഗം പോലീസുകാർക്ക് പ്രൊമോഷൻ

83 (3273) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് ആംഡ് ബറ്റാലിയനിലെയും ആംഡ് റിസർവിലെയും ബ്യൂഗ്ലർ/ബാന്റ് വിഭാഗം പോലീസുകാർക്ക് പ്രൊമോഷൻ സാദ്ധ്യതയില്ലാത്തതിനാൽ ഗ്രേഡ് പ്രൊമോഷൻ നൽകുന്നതിന് സർവ്വീസ് ദൈർഘ്യം നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഓരോ ഗ്രേഡിനും സർവ്വീസ് എത്രയെന്നും നിശ്ചയിച്ചിട്ടുള്ള ശമ്പളസ്കെയിൽ എത്രയെന്നും വ്യക്തമാക്കുമോ ;

(സി) ഈ വ്യവസ്ഥയനുസരിച്ച് ബറ്റാലിയനിലും ആംഡ് റിസർവ്വിലും 15 വർഷം സർവ്വീസ് പൂർത്തിയാക്കിയ എത്ര പേർക്ക് രണ്ടാമത്തെ ഗ്രേഡ് നൽകിയിട്ടുണ്ട് ; ഇത് ഏത് സ്കെയിലിലാണ് നൽകിയത് ;

LIBRARY ARCHIVES Kerala Legislative Assembly